കുടിശ്ശിക തുക

157 (503) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ കരാറുകാർക്ക്, ഇപ്പോഴത്തെ കണക്കനുസരിച്ച്, കൊടുത്ത് തീർക്കാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) കുടിശ്ശിക തുക കൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 30-11-2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ബി) കരാറുകാർക്ക് ബില്ലുകൾ മാറുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി ജി.ഒ.(പി) നമ്പർ 97/2015/ധന. തീയതി 25-2-2015 പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം തുക ബാങ്കുകൾ ഡിസ്കൗണ്ട് ചെയ്തതിനുശേഷം ബാക്കി തുക നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 25% ബാധ്യത സർക്കാർ വഹിക്കുന്നതാണ്. സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1704/2015/ധന. തീയതി 2-3-2015 പ്രകാരം 2014 ജനുവരി മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് ക്രെഡിറ്റ് 2015 മേയ് മാസത്തിലും 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾ 2015 ജൂൺ മാസത്തിലും 2014 മാർച്ച് മാസത്തെ ബില്ലുകൾ 2015 ജൂലൈ മാസത്തിലും 2014 ഏപ്രിൽ മാസത്തെ ബില്ലുകൾ 2015 ഓഗസ്റ്റ് മാസത്തിലും നൽകുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഈ കാലയളവിലെ ബില്ലുകൾ മാറുന്നതിന് കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗപ്പെടുത്താവുന്നതാണ്.

സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിൽനിന്നും ലഭിച്ച നികുതി വരുമാനം

158 (504) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷക്കാലം സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളിൽനിന്നും ലഭിച്ച നികുതി വരുമാനം വർഷാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly